# 154/24-M

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

**ചോദ്യ പുസ്തക ക്രമനമ്പർ**

A

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

1. വേലുത്തമ്പി ദളവയുമായി ബന്ധപ്പെട്ട പ്രസ്താവനയിൽ ശരിയായത് ഏത് ?
   i. തിരുവിതാംകൂറിലെ ദളവ
   ii. ആധുനിക തിരുവിതാംകൂറിന്റെ ശില്പി
   iii. കുണ്ടറ വിളംബരം

   A) i, iii B) i, ii C) ii, iii D) i, ii, iii

2. 1857-ലെ കലാപവുമായി ബന്ധപ്പെട്ട ശരിയായ ജോഡി തിരഞ്ഞെടുക്കുക.
   i. 1857-ലെ കലാപം ആരംഭിച്ചത് മീററ്റിലാണ്.
   ii. 1857-ലെ കലാപത്തെ ഒന്നാം സ്വാതന്ത്ര്യസമരം എന്ന് വിളിക്കുന്നു.
   iii. 1857-ലെ കലാപത്തിൽ ശിപായിമാർ പങ്കെടുത്തിരുന്നില്ല.

   A) ii, iii B) i, ii C) i, ii, iii D) i, iii

3. ഐക്യരാഷ്ട്ര സംഘടനയുടെ പ്രധാന ഘടകങ്ങളിൽ ഉൾപ്പെടാത്തത്
   i. ജനറൽ അസംബ്ലി
   ii. ഐ. എൻ. എ.
   iii. സെക്യൂരിറ്റി കൗൺസിൽ

   A) i, ii B) ii C) i, ii, iii D) iii

4. ചൈനീസ് വിപ്ലവവുമായി ബന്ധപ്പെട്ട ശരിയായ ജോഡി തിരഞ്ഞെടുക്കുക.
   i. സൺയാത്സൺ – കൂമിന്താങ്
   ii. മാവോസേതൂങ് – ലോങ് മാർച്ച്
   iii. മുസോളിനി – റെഡ്ഷർട്സ്

   A) i, iii B) i, ii C) i, ii, iii D) ii, iii

5. ബുദ്ധമതവുമായി ബന്ധപ്പെട്ട ശരിയായ ആശയങ്ങൾ തിരഞ്ഞെടുത്തെഴുതുക.
   i. ത്രിരത്നങ്ങൾ
   ii. അഷ്ടാംഗമാർഗം
   iii. നാല് മഹദ് സത്യം

   A) ii, iii B) i, ii, iii C) i, iii D) i, ii

6. ഐക്യകേരള രൂപീകരണത്തിന് ശേഷം കേരളത്തിൽ മുഖ്യമന്ത്രി പദത്തിൽ ഏറ്റവും കൂടുതൽ കാലം തുടർച്ചയായി അധികാരത്തിൽ ഇരുന്നതിന്റെ റെക്കോർഡ് പിണറായി വിജയന്റെ പേരിലാണ്. ആരുടെ റെക്കോർഡ് ആണ് പിണറായി മറികടന്നത് ?

   A) ഉമ്മൻചാണ്ടി B) കെ. കരുണാകരൻ
   C) സി. അച്ച്യുതമേനോൻ D) ഇ. കെ. നായനാർ

7. a. വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്ന മേഖലയാണ് മധ്യന്യൂന മർദ്ദമേഖല.
   b. സൂര്യന്റെ ചൂടേറ്റ് വായു വികസിക്കുകയും വൻതോതിൽ ഉയരുകയും ചെയ്യുന്നതാണ് മധ്യരേഖയിൽ ന്യൂനമർദ്ദം അനുഭവപ്പെടാൻ കാരണം.

   A) പ്രസ്താവന a ശരി b തെറ്റ്
   B) പ്രസ്താവന b ശരി a തെറ്റ്
   C) രണ്ട് പ്രസ്താവനകളും തെറ്റ്
   D) രണ്ട് പ്രസ്താവനകളും ശരി

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കൈതച്ചക്ക ഗവേഷണകേന്ദ്രം പ്രവർത്തിക്കുന്നത്

   A) വാഴക്കുളം
   B) പീലിക്കോട്
   C) ശാന്തൻപാറ
   D) ഓടക്കാലി

9. കാൽസ്യം കാർബണേറ്റ്, മഗ്നീഷ്യം, പൊട്ടാഷ് എന്നിവയുടെ സാന്നിദ്ധ്യമുള്ളതും ഫോസ്ഫറസിന്റെ സാന്നിദ്ധ്യം കുറവും ആണ്. വേനൽക്കാലത്ത് വിണ്ട് കീറി വിള്ളലുണ്ടാകുന്നു. പ്രസ്താവനകൾക്ക് യോജിക്കുന്ന മണ്ണിനം

   A) എക്കൽ മണ്ണ്
   B) ലാറ്ററൈറ്റ് മണ്ണ്
   C) കറുത്ത മണ്ണ്
   D) വനമണ്ണ്

10. കെയ്ബുൾ ലംജാവോ ദേശീയോദ്യാനം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

   A) മിസോറം
   B) മണിപ്പൂർ
   C) സിക്കിം
   D) മേഘാലയ

11. ഉത്തരമഹാസമതലത്തിലും പഞ്ചാബിലും ശൈത്യകാല വിളകൾക്ക് പ്രയോജനകരമായ ശൈത്യകാല മഴ ലഭിക്കുന്നതിന് കാരണമായ പ്രതിഭാസം

   A) പശ്ചിമ അസ്വസ്ഥത
   B) ഉഷ്ണമേഖലാ ചുഴലിക്കാറ്റ്
   C) കാൽബൈശാഖി
   D) മൺസൂൺ

12. ഉപഗ്രഹ വിദൂര സംവേദനത്തിൽ വസ്തു പ്രതിഫലിപ്പിക്കുന്ന ഊർജ്ജത്തിന്റെ അളവാണ് സംവേദകങ്ങൾ പകർത്തുക. ഇത് എന്ത് പേരിലാണ് അറിയപ്പെടുക ?

   A) സ്റ്റീരിയോസ്കോപിക് വിഷൻ
   B) സ്പേഷ്യൽ റെസല്യൂഷൻ
   C) സ്പെക്ട്രൽ സിഗ്നേച്ചർ
   D) ഓവർലാപ്

13. പ്ലാനിങ്ങ് കമ്മീഷന് പകരം നിലവിൽവന്ന 'നീതി ആയോഗ്' ഇന്ത്യയുടെ വികസനത്തിനായി വിഭാവനം ചെയ്ത പ്രധാന പദ്ധതികളിൽ അനുയോജ്യമല്ലാത്തത് ഏത് ?

   1. ADP-ആസ്പിരേഷണൽ ഡിസ്ട്രിക്റ്റ് പ്രോഗ്രാം
   2. AIM - അടൽ ഇന്നൊവേഷൻ മിഷൻ
   3. (SDG India Index) SDG ഇന്ത്യ ഇൻഡക്സ്
   4. ട്രാൻസ്ഫോർമിങ്ങ് ഇന്ത്യ ലെക്ചർ സീരീസ്

   A) 2, 4 എന്നിവ അനുയോജ്യമല്ല
   B) 4 മാത്രം അനുയോജ്യമല്ല
   C) എല്ലാം അനുയോജ്യമാണ്
   D) ഒന്നും തന്നെ അനുയോജ്യമല്ല

14. ''ഉല്പാദന പ്രക്രിയയിൽ പങ്കെടുക്കുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവ വിഭവം''. മാനവ വിഭവത്തെ മനുഷ്യമൂലധനമാക്കി മാറ്റുന്നതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്

a. വിദ്യാഭ്യാസം
b. ആരോഗ്യം
c. കുടിയേറ്റം
d. തൊഴിൽ പരിശീലനം
e. വിവരലഭ്യത

A) a, b, c മാത്രം ശരി
B) a, b, d മാത്രം ശരി
C) a, b, d, e മാത്രം ശരി
D) എല്ലാം ശരിയാണ്

15. ചേരുംപടി ചേർക്കുക.

| സാമ്പത്തിക നയം | വിവരണം |
|---|---|
| a. ഉദാരവൽക്കരണം | 1. വിദേശവ്യാപാരം വർദ്ധിപ്പിക്കുക |
| b. സ്വകാര്യവൽക്കരണം | 2. ബിസിനസ്സ് രംഗത്ത് ഗവൺമെന്റ് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പരമാവധി കുറക്കുക |
| c. ആഗോളവൽക്കരണം | 3. ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കമ്പനികൾ സ്വകാര്യ മേഖലക്ക് വിറ്റഴിക്കുക |

A) a – 1, b – 2, c – 3
B) a – 2, b – 3, c – 1
C) a – 3, b – 1, c – 2
D) a – 3, b – 2, c – 1

16. ചേരുംപടി ചേർക്കുക.

| വിവിധതരം തൊഴിലില്ലായ്മ | വിവരണം |
|---|---|
| a. പ്രകടമായ തൊഴിലില്ലായ്മ | 1. പ്രത്യേക കാലത്ത് മാത്രം തൊഴിൽ ലഭിക്കുകയും, മറ്റ് സമയം തൊഴിൽ ഇല്ലാതാവുകയും ചെയ്യുക |
| b. ഘടനാപരമായ തൊഴിലില്ലായ്മ | 2. വേണ്ടതിലധികം ആളുകൾ, ഒരു തൊഴിലിൽ ഏർപ്പെടുന്നു |
| c. കാലികമായ തൊഴിലില്ലായ്മ | 3. തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടും തൊഴിൽ ലഭിക്കാത്ത അവസ്ഥ |
| d. പ്രച്ഛന്ന തൊഴിലില്ലായ്മ | 4. സാങ്കേതികവിദ്യയുടെ പ്രയോഗം മൂലം തൊഴിൽ നഷ്ടമാകുന്ന അവസ്ഥ |

A) a – 2, b – 1, c – 4, d – 3
B) a – 3, b – 4, c – 1, d – 2
C) a – 4, b – 3, c – 2, d – 1
D) a – 1, b – 2, c – 3, d – 4

17. ചേരുംപടി ചേർക്കുക.

| പദ്ധതികൾ | പ്രത്യേകതകൾ |
|---|---|
| a. ഒന്നാം പഞ്ചവത്സര പദ്ധതി | 1. ഗാഡ്ഗിൽ യോജന |
| b. രണ്ടാം പഞ്ചവത്സര പദ്ധതി | 2. കൃഷിക്ക് പ്രാധാന്യം |
| c. മൂന്നാം പഞ്ചവത്സര പദ്ധതി | 3. പി. സി. മഹലനോബിസ് |
| d. ഒൻപതാം പദ്ധതി | 4. സാമൂഹ്യ നീതിയിലും സമത്വത്തിലും അധിഷ്ഠിതമായ വളർച്ച |
| e. പതിനൊന്നാം പദ്ധതി | 5. ഇൻക്ലൂസീവ് ഗ്രോത്ത് |

A) a – 2, b – 3, c – 1, d – 4, e – 5
B) a – 3, b – 1, c – 2, d – 5, e – 4
C) a – 2, b – 3, c – 1, d – 5, e – 4
D) a – 4, b – 3, c – 2, d – 1, e – 5

18. ഒരു ബജറ്റിലെ മൊത്തം ചിലവിൽ നിന്ന് മൊത്തം വരവ് കുറച്ചാൽ കിട്ടുന്നതാണ് ബജറ്റ് കമ്മി. അതേ സമയം കടം വാങ്ങൽ ഒഴികെയുള്ള മൊത്തം വരവ്, മൊത്തം ചിലവിൽ നിന്ന് കുറച്ചാൽ കിട്ടുന്നതാണ് ധനകമ്മി. ഇന്ത്യയുടെ (Union Budget 2024-25) യൂണിയൻ ബജറ്റ് 2024-25 പ്രകാരം GDP യുടെ എത്ര ശതമാനമാണ് ധനകമ്മി ?

A) 5.8%
B) 5.1%
C) 4.5%
D) 6.5%

19. യൂണിയൻ ബജറ്റ് 2024-25 പ്രകാരം പ്രഖ്യാപിക്കപ്പെട്ട റെയിൽവേ കോറിഡോറുകളിൽ ഉൾപ്പെടാത്തത് ഏത് ?

A) ഊർജ്ജം – ധാതുസമ്പത്ത് – സിമന്റ് കോറിഡോർ
B) തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന കോറിഡോർ
C) ഉയർന്ന ട്രാഫിക് ഡെൻസിറ്റി കോറിഡോർ
D) സമുദ്രോൽപന്നങ്ങൾ – സുഗന്ധദ്രവ്യങ്ങൾ കോറിഡോർ

20. പഞ്ചായത്ത് രാജ് സമ്പ്രദായത്തിൽ ത്രിതല പഞ്ചായത്തിനു പകരം ദ്വിതല പഞ്ചായത്ത് ശുപാർശ ചെയ്ത കമ്മിറ്റി ഏത് ?

A) P. K. തുംഗൻ കമ്മിറ്റി
B) അശോക്മേത്ത കമ്മിറ്റി
C) ബൽവന്ത് റായ് മേത്ത കമ്മിറ്റി
D) കാക്കാകലേൽക്കർ കമ്മിറ്റി

21. 'ആമുഖം ഭരണഘടനയുടെ താക്കോൽ' ആണെന്ന് പറഞ്ഞതാര് ?

A) സർദാർ വല്ലഭായ് പട്ടേൽ
B) ഗാന്ധിജി
C) ജവഹർലാൽ നെഹ്റു
D) അംബേദ്കർ

22. അംഗങ്ങളുടെ കൂറുമാറ്റം നിർത്തലാക്കിയ ഭരണഘടനാഭേദഗതി

A) 44-ാം ഭേദഗതി
B) 42-ാം ഭേദഗതി
C) 71-ാം ഭേദഗതി
D) 52-ാം ഭേദഗതി

23. കൺകറന്റ് സബ്ജക്ടിൽ ഉൾപ്പെട്ട വിഷയം ഏത് ?

A) കൃഷി
B) വിദ്യാഭ്യാസം
C) ജയിൽ
D) ബാങ്കിംഗ്

24. നിർദ്ദേശകതത്ത്വങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?
    A) അയിത്ത നിർമാർജനം
    B) കൃഷിയും മൃഗപരിപാലനവും
    C) ഏകീകൃത സിവിൽ നിയമം
    D) വ്യവസായ മാനേജ്മെന്റിൽ തൊഴിലാളികളുടെ പങ്കാളിത്തം

25. 2024-July-1ന് നിലവിൽ വന്ന ഭാരതീയ ന്യായ സംഹിത പാർലമെന്റിൽ അവതരിപ്പിച്ച എത്രാമത്തെ ബിൽ ആയിരുന്നു ?
    A) ബിൽ No. 163/2023
    B) ബിൽ No. 175/2023
    C) ബിൽ No. 173/2023
    D) ബിൽ No. 183/2023

26. ഇന്ത്യയുടെ സാംസ്കാരിക മന്ത്രാലയം ലോകപൈതൃക സമിതി യോഗത്തിന് സമർപ്പിച്ച പ്രോജക്ടായ 'PARI' യുടെ പൂർണരൂപം
    A) പെർഫോർമിങ് ആർട്ട് ഓഫ് ഇന്ത്യ
    B) പബ്ലിക് ആർട്ട് ഓഫ് ഇന്ത്യ
    C) പീപ്പിൾസ് ആർട്ട് ഓഫ് ഇന്ത്യ
    D) പോപ്പുലർ ആർട്ട് ഓഫ് ഇന്ത്യ

27. സംസ്ഥാന നിയമസഭകളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
    i. ചില സംസ്ഥാന നിയമസഭകൾക്ക് രണ്ടു സഭകളുണ്ട്.
    ii. അപ്പർ ഹൗസ് എന്നറിയപ്പെടുന്നത് ലെജിസ്ലേറ്റീവ് കൗൺസിലാണ്.
    iii. മധ്യപ്രദേശ്, തമിഴ്നാട് എന്നിവക്ക് രണ്ടു സഭകളുണ്ട്.
    A) All of the above (i, ii and iii)
    B) Only (i and ii)
    C) Only (ii and iii)
    D) Only (i and iii)

28. ലോക് അദാലത്തുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?
    i. ലോക് അദാലത്ത് ഒരു നീതിന്യായ സംവിധാനമാണ്.
    ii. ജനങ്ങളുടെ കോടതി എന്നാണ് ഇത് അർത്ഥമാക്കുന്നത്.
    iii. താമസം കൂടാതെ കേസുകൾ തീർപ്പാക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.
    A) Only (i and ii)
    B) Only (ii and iii)
    C) All of the above (i, ii and iii)
    D) Only (i and iii)

29. കല്ലേൻ പൊക്കുടനുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
    i. പ്രസിദ്ധനായ സാമൂഹ്യ പരിഷ്കർത്താവാണ്.
    ii. പ്രസിദ്ധനായ പരിസ്ഥിതി സംരക്ഷകനാണ്.
    iii. ആന്ധ്രാപ്രദേശാണ് സ്വദേശം.
    A) Only (i and iii)
    B) Only (ii and iii)
    C) Only (i and ii)
    D) All of the above (i, ii and iii)

30. തണ്ണീർമുക്കം ബണ്ടുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
   i. വേമ്പനാട്ട് കായലിന് കുറുകെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.
   ii. തണ്ണീർമുക്കം ബണ്ട് ആലപ്പുഴ പത്തനംതിട്ട ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നു.
   iii. ഇതിനെ രാജ്യത്തെ ഏറ്റവും വലിയ മൺ റെഗുലേറ്ററായി കണക്കാക്കുന്നു.
   A) All of the above (i, ii and iii)
   B) Only (i and ii)
   C) Only (ii and iii)
   D) Only (i and iii)

31. വിവിധ കമ്മീഷനുകളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
   i. കേരള പിന്നോക്ക കമ്മീഷൻ ചെയർമാൻ ജസ്റ്റിസ്. ജി. ശശിധരനാണ്.
   ii. കേരള മുന്നോക്ക കമ്മീഷൻ ചെയർമാൻ ശ്രീ. കെ. ജി. പ്രേംജിത്ത് ആണ്.
   iii. കേരളാ വിമൻസ് കമ്മീഷൻ ചെയർ പേഴ്സൺ Adv. P. സതീദേവിയാണ്.
   A) Only (i and ii)
   B) Only (ii and iii)
   C) Only (i and iii)
   D) All of the above (i, ii and iii)

32. കേരള ഗവണ്മെന്റുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
   i. കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ.
   ii. കേരള ചീഫ് സെക്രട്ടറി Dr. V. V. Venu.
   iii. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ.
   A) Only (i and ii)
   B) Only (i and iii)
   C) Only (ii and iii)
   D) All of the above (i, ii and iii)

33. ഹേമ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
   i. ഹേമ കമ്മിറ്റിയെ നിയമിച്ചത് കേരള ഗവണ്മെന്റാണ്.
   ii. ഹേമ കമ്മിറ്റിയിൽ മൂന്നംഗങ്ങളാണുള്ളത്.
   iii. വിരമിച്ച IAS ഉദ്യോഗസ്ഥ K. B. വൽസല കുമാരി ഒരംഗമാണ്.
   A) Only (i and iii)
   B) Only (i and ii)
   C) All of the above (i, ii and iii)
   D) Only (ii and iii)

34. താഴെ കൊടുത്തിരിക്കുന്നവയിൽ ജീവിതശൈലി രോഗമല്ലാത്തത് ഏത് ?
   A) ഹൃദ്രോഗം
   B) അമിതവണ്ണം
   C) പക്ഷാഘാതം
   D) മലേറിയ

35. ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന പ്രദേശം
   A) സഹാറ മരുഭൂമി
   B) ആമസോൺ മഴക്കാടുകൾ
   C) ധ്രുവ പ്രദേശം
   D) കോണിഫറസ് വനങ്ങൾ

36. മന്ത് രോഗം ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് വ്യാപിപ്പിക്കുന്ന ജീവി
   A) ക്യൂലക്സ് കൊതുക്
   B) ഈച്ച
   C) അനോഫിലസ് കൊതുക്
   D) എലി

37. അനാഥരോ മാതാപിതാക്കളുടെ അനാരോഗ്യത്താൽ സംരക്ഷിക്കാൻ ആളില്ലാതിരിക്കുകയോ ചെയ്യുന്ന കുട്ടികൾക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി

A) ഉഷസ്
B) സുകൃതം
C) മെഡിസെപ്
D) സ്നേഹപൂർവം

38. മനുഷ്യശരീരത്തിൽ സൂര്യപ്രകാശമേൽക്കുമ്പോൾ നിർമിക്കപെടുന്ന ജീവകം

A) ജീവകം സി
B) ജീവകം എ
C) ജീവകം ഡി
D) ജീവകം ഇ

39. ഹെപ്പറ്റൈറ്റിസ് അസുഖം ബാധിക്കുന്ന അവയവം

A) ശ്വാസകോശം
B) ആമാശയം
C) കുടൽ
D) കരൾ

40. ആന്റി ഡൈയൂറെറ്റിക് ഹോർമോൺ (ADH) എന്നറിയപ്പെടുന്ന ഹോർമോൺ ഏത് ?

A) ഓക്സിടോസിൻ
B) വാസോപ്രെസ്സിൻ
C) പ്രൊലാക്ടിൻ
D) സൊമാറ്റോട്രോപിൻ

41. കണ്ണിലെ ലെൻസ് അതാര്യമാകുന്നതുകൊണ്ട് ഉണ്ടാകുന്ന അസുഖം

A) തിമിരം
B) ഗ്ലൂക്കോമ
C) നിശാന്ധത
D) ഹ്രസ്വദൃഷ്ടി

42. തെറ്റായ പ്രസ്താവനകൾ ഏതെല്ലാം ?

1. ഘർഷണം ഉർജ്ജനഷ്ടമുണ്ടാക്കുന്നില്ല.
2. നിരങ്ങൽ ഘർഷണം ഉരുളൽ ഘർഷണത്തെക്കാൾ കൂടുതലാണ്.
3. ഘർഷണം കുറയ്ക്കുവാൻ ലൂബ്രിക്കന്റുകൾ സഹായിക്കുന്നു.
4. ഘർഷണം ചലനത്തെ എതിർക്കുന്നു.

A) 1 മാത്രം
B) 1, 2
C) 2, 3
D) 2 മാത്രം

43. ഒരു വസ്തുവിന്റെ ഊഷ്മാവ് ഡിഗ്രി സെൽഷ്യസിൽ $T_C$ എന്നും കെൽവിൻ സ്കെയിലിൽ $T_K$ എന്നും ഫാരൻഹീറ്റ് സ്കെയിലിൽ $T_F$ എന്നും രേഖപ്പെടുത്തിയാൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?

1. $T_K$ -യ്ക്ക് നെഗറ്റീവ് മൂല്യം ഇല്ല.
2. ഒരു യൂണിറ്റ് ഫാരൻഹീറ്റ് ഒരു യൂണിറ്റ് ഡിഗ്രി സെൽഷ്യസിനെക്കാൾ കുറവായിരിക്കും.
3. ഒരു യൂണിറ്റ് കെൽവിൻ ഒരു യൂണിറ്റ് ഡിഗ്രി സെൽഷ്യസിനെക്കാൾ കൂടുതൽ ആയിരിക്കും.

A) 1 മാത്രം
B) 2 മാത്രം
C) 1, 2 എന്നിവ
D) 1, 3 എന്നിവ

44. താഴെപ്പറയുന്നവയിൽ വികർഷണം ഇല്ലാത്ത ബലമേത് ?

A) വൈദ്യുത ബലം
B) കാന്തിക ബലം
C) ന്യൂക്ലിയർ ബലം
D) ഗുരുത്വാകർഷണ ബലം

45. താഴെപ്പറയുന്നവയിൽ ISRO-യുടെ കേന്ദ്രം അല്ലാത്തത്

A) IISU
B) ISTRAC
C) SDSC
D) NPL

46. 2023-ലെ ഭൗതികശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ചത് പ്രകാശത്തിന്റെ അറ്റോസെക്കന്റ് പൾസുകളെക്കുറിച്ചുള്ള കണ്ടുപിടിത്തത്തിനാണ്. അറ്റോസെക്കന്റ് പൾസുകൾ ഏതു ഗവേഷണത്തിനെ സഹായിക്കുന്നു ?
   A) ബഹിരാകാശ ഗവേഷണത്തിനെ
   B) വിവരസാങ്കേതിക വിദ്യയെ
   C) ഇലക്ട്രോൺ, ദ്രവ്യം എന്നിവയുടെ സ്വഭാവത്തെക്കുറിച്ചുള്ള ഗവേഷണത്തിനെ
   D) ഇവയൊന്നുമല്ല

47. ലിറ്റ്മസ് ലായനി അമ്ലമോ ക്ഷാരമോ അല്ലാത്തപ്പോൾ അതിന്റെ നിറം എന്താണ് ?
   A) ചുവപ്പ് B) നീല C) പർപ്പിൾ D) പച്ച

48. pH പേപ്പറിൽ കാണിച്ചിരിക്കുന്ന ശുദ്ധജലത്തിന്റെ നിറം എന്താണ് ?
   A) പച്ച B) നീല C) മഞ്ഞ D) ചുവപ്പ്

49. ഒരു മൂലകത്തിന് W ആറ്റോമിക ഭാരവും N ആറ്റോമിക സംഖ്യയും ഉണ്ട്. എന്നാൽ അതിന്റെ ആറ്റത്തിന്റെ ന്യൂക്ലിയസിലെ പ്രോട്ടോണുകളുടെ എണ്ണം എത്ര ?
   A) N B) W C) W – N D) W + N

50. ലോഹങ്ങളിലൊന്ന് മെർക്കുറി ആണെങ്കിൽ ആ ലോഹസങ്കരം എന്തു പേരിൽ അറിയപ്പെടുന്നു ?
   A) വെങ്കലം B) മാഗ്നാലിൻ
   C) അമാൽഗം D) സ്റ്റെയിൻലെസ്സ് സ്റ്റീൽ

51. ഭക്ഷണ ക്യാനുകൾ സിങ്കിനു പകരം ടിൻ കൊണ്ട് പൊതിഞ്ഞിരിക്കുന്നത് എന്തുകൊണ്ട് ?
   A) സിങ്ക് ടിന്നിനേക്കാൾ ചെലവേറിയതാണ്
   B) ടിന്നിനേക്കാൾ ഉയർന്ന ദ്രവണാങ്കം സിങ്കിനുണ്ട്
   C) സിങ്ക് ടിന്നിനേക്കാൾ കൂടുതൽ റിയാക്ടീവാണ്
   D) ടിൻ സിങ്കിനേക്കാൾ കൂടുതൽ റിയാക്ടീവാണ്

52. മലയാള നോവലിലെ ശ്രദ്ധേയമായ ഒരു കഥാപാത്രമാണ് അപ്പുക്കിളി. ഈ കഥാപാത്രത്തിന്റെ സ്രഷ്ടാവ് ആരാണ് ?
   A) എം. മുകുന്ദൻ B) ഒ. വി. വിജയൻ
   C) പുനത്തിൽ കുഞ്ഞബ്ദുള്ള D) എൻ. പി. മുഹമ്മദ്

53. 'പുതുമലയാണ്മതൻ മഹേശ്വരൻ' എന്ന് വള്ളത്തോൾ വിശേഷിപ്പിച്ച കവി
   A) എഴുത്തച്ഛൻ B) ചെറുശ്ശേരി
   C) കുമാരനാശാൻ D) കുഞ്ചൻ നമ്പ്യാർ

54. ഭാരതരത്ന പുരസ്കാരം നേടിയ ആദ്യ കായികതാരം ആരാണ് ?
   A) വിശ്വനാഥൻ ആനന്ദ് B) മിൽഖാസിംഗ്
   C) സച്ചിൻ ടെണ്ടുൽക്കർ D) ധ്യാൻചന്ദ്

55. ''ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ –
യുഴിഞ്ഞാലാക്കിത്തീർക്കാൻ കഴിഞ്ഞതല്ലേ ജയം ?'' – ആരുടേതാണ് ഈ വരികൾ ?

A) ഇടശ്ശേരി
B) ചങ്ങമ്പുഴ
C) എൻ. വി. കൃഷ്ണവാരിയർ
D) വൈലോപ്പിള്ളി

56. 2023-ലെ വയലാർ അവാർഡ് നേടിയത് ആരാണ് ?

A) ബെന്യാമിൻ
B) ഏഴാച്ചേരി രാമചന്ദ്രൻ
C) ശ്രീകുമാരൻ തമ്പി
D) എസ്. ഹരീഷ്

57. താഴെ പറയുന്നവയിൽ കേരളീയ കലാരൂപം ഏത് ?

A) മോഹിനിയാട്ടം
B) ഭരതനാട്യം
C) കുച്ചുപ്പുടി
D) യക്ഷഗാനം

58. ഭരതന്റെ പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിൽ ഒന്നാണ് കൂടൽ മാണിക്യം ക്ഷേത്രം. ഇത് ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത് ?

A) തിരുവനന്തപുരം
B) തൃശൂർ
C) കൊല്ലം
D) പത്തനംതിട്ട

59. വെബ്ഡിസൈനിങ്ങിൽ എച്ച്. ടി. എം. എൽ. ടാഗുകളുടെയും, ആട്രിബ്യൂട്ടുകളുടേയും ആവർത്തിച്ചുള്ള ഉപയോഗം ഒഴിവാക്കാൻ സഹായിക്കുന്ന സംവിധാനം

A) സി. എസ്. എസ്.
B) പാരഗ്രാഫ്
C) യു. എം. എൽ.
D) എച്ച്. എം. എൽ.

60. ഒരു പൊതു ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന ലോകത്തിലെ വിവിധ ഭാഗങ്ങളിലായി വിന്യസിച്ചിരിക്കുന്ന കമ്പ്യൂട്ടർ വിഭവങ്ങളുടെ ശേഖരങ്ങളെ പറയുന്ന പേര്

A) ഹാർഡ്ഡിസ്ക്
B) മെമ്മറി
C) ഗ്രിഡ്
D) പെൻഡ്രൈവ്

61. വിവരസാങ്കേതിക വിദ്യ നിയമത്തിൽ

i. 66F അനുസരിച്ചാണ് സൈബർ ഭീകരതക്ക് ശിക്ഷ നിർണ്ണയിക്കുന്നത്.
ii. ജീവിതാവസാനം വരെ തടവ് ലഭിക്കാം.

A) എല്ലാം ശരിയാണ്
B) ഒന്നും ശരിയല്ല
C) i മാത്രം ശരി
D) ii മാത്രം ശരി

62. ഇന്ത്യയുടെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ലാബ് ഏതാണ് ?

A) വിറ്റാ ലാബ്
B) ഐ. എ. ഐ.
C) ബ്ലിങ്ക് എക്സ്
D) ഇ. എ. ഐ.

63. നാഷണൽ സൈബർ ക്രൈം പോർട്ടൽ
   i. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള വെബ്സൈറ്റ് ആണ്.
   ii. കുട്ടികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ മാത്രം രജിസ്റ്റർ ചെയ്യാനുള്ള വെബ്സൈറ്റ് ആണ്.
   iii. ഇത് നിലവിൽ വന്നത് 2019 ഓഗസ്റ്റിൽ ആണ്.
   A) i, ii ശരി
   B) i, iii ശരി
   C) എല്ലാം ശരിയാണ്
   D) ഒന്നും ശരിയല്ല

64. താഴെ പറഞ്ഞവയിൽ ഉപഭോക്താവിന്റെ അവകാശങ്ങൾ ഏതെല്ലാം ?
   i. തിരഞ്ഞെടുക്കുവാനുള്ള അവകാശം.
   ii. സൗജന്യമായി ലഭിക്കുവാനുള്ള അവകാശം.
   iii. പരിഹാരം തേടാനുള്ള അവകാശം.
   A) പ്രസ്താവന i, ii ശരിയാണ്
   B) പ്രസ്താവന ii, iii ശരിയാണ്
   C) പ്രസ്താവന i, iii ശരിയാണ്
   D) പ്രസ്താവന i മാത്രം ശരിയാണ്

65. ഒരു വ്യക്തിയുടെ ജീവനെയോ സ്വത്തിനെയോ ബാധിക്കുന്ന വിവരത്തിനുള്ള അപേക്ഷ ആണെങ്കിൽ മറുപടി നൽകാൻ ഉള്ള സമയ പരിധി എത്ര ?
   A) 24 മണിക്കൂർ
   B) 48 മണിക്കൂർ
   C) മൂന്ന് ദിവസം
   D) അഞ്ച് ദിവസം

66. ചൈൽഡ് വെൽഫയർ കമ്മിറ്റിയിൽ എത്ര അംഗങ്ങൾ ഉണ്ട് ?
   A) ഒരു ചെയർപേഴ്സണും രണ്ട് അംഗങ്ങളും
   B) ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളും
   C) ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും
   D) ഒരു ചെയർപേഴ്സണും അഞ്ച് അംഗങ്ങളും

67. ദേശീയ പട്ടികജാതി കമ്മീഷന്റെ നിലവിലെ ചെയർമാൻ ആര് ?
   A) കിഷോർ മക്വാന
   B) വിജയ് സംബ്ല
   C) ലവ് കുഷ് കുമാർ
   D) അരുൺ ഹാൽദർ

68. കുട്ടികൾക്കെതിരായ ലൈംഗികാതിക്രമത്തിന് വധശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്തുകൊണ്ട് പോക്സോ നിയമം ഭേദഗതി ചെയ്ത വർഷം ഏത് ?
   A) 2018
   B) 2019
   C) 2020
   D) 2021

69. 2011-ൽ നിലവിൽ വന്ന മുതിർന്ന പൗരന്മാരുടെ ദേശീയ നയരൂപീകരണത്തിന് പിന്നിൽ പ്രവർത്തിച്ച കമ്മിറ്റി ഏത് ?
   A) കടിയം ശ്രീഹരി കമ്മിറ്റി
   B) ജസ്റ്റിസ് ശ്രീകൃഷ്ണ കമ്മിറ്റി
   C) ദരിയ കമ്മിറ്റി
   D) ഡോ. മോഹിനി ഗിരി കമ്മിറ്റി

70. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് വനിതകളെ സംരക്ഷിക്കാനുള്ള നിയമം, 2005 പ്രകാരം സംരക്ഷണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത് ആര് ?
   A) മജിസ്ട്രേറ്റ്
   B) പ്രൊട്ടക്ഷൻ ഓഫീസർ
   C) ജില്ലാ കളക്ടർ
   D) സർക്കിൾ ഇൻസ്പെക്ടർ

71. ഒരു സംഖ്യയെ 4 കൊണ്ട് ഗുണിച്ച് 10 കൂട്ടിയപ്പോൾ 130 കിട്ടി. സംഖ്യ ഏതാണ് ?
A) 20 B) 30 C) 40 D) 50

72. 10% വാർഷിക നിരക്കിൽ കൂട്ടുപലിശ കണക്കാക്കുന്ന ബാങ്കിൽ നിന്ന് തോമസ് 15,000 രൂപ കടമെടുത്തു. 2 വർഷം കഴിഞ്ഞപ്പോൾ 10,000 രൂപ തിരിച്ചടച്ചു. ബാക്കി എത്ര രൂപ അടക്കണം ?
A) 18,150 B) 8,150 C) 18,510 D) 8,510

73. ഒരു ചതുരത്തിന്റെ നീളവും വീതിയും 5:4 എന്ന അംശബന്ധത്തിലാണ്. അതിന്റെ പരപ്പളവ് 320 ചതുരശ്രമീറ്റർ. എന്നാൽ വീതി എത്ര ?
A) 16 B) 20 C) 24 D) 28

74. താഴെ തന്നിരിക്കുന്ന സംഖ്യയിൽ ഒറ്റയാൻ ആരാണ് ?
A) 3 B) 8 C) 19 D) 33

75. സമചതുര സ്തംഭാകൃതിയിലുള്ള ഒരു തടികഷ്ണത്തിന്റെ പാദത്തിന്റെ വശങ്ങൾക്ക് 10 സെ. മീ. നീളമുണ്ട്. സ്തംഭത്തിന് 20 സെ. മീ. ഉയരമുണ്ട്. ഇതിൽ നിന്ന് ചെത്തിയെടുക്കാവുന്ന ഏറ്റവും വലിയ വൃത്തസ്തംഭത്തിന്റെ വ്യാപ്തം എത്ര ?
A) $100\ \pi cm^2$ B) $200\ \pi cm^2$ C) $300\ \pi cm^2$ D) $500\ \pi cm^2$

76. താഴെ പറയുന്നവയിൽ സമാന്തര ശ്രേണി ഏത് ?
A) 2-ന്റെ കൃതികളുടെ ശ്രേണി
B) എണ്ണൽ സംഖ്യകളുടെ വ്യുൽക്രമത്തിന്റെ ശ്രേണി
C) ഒറ്റസംഖ്യകളുടെ പകുതിയായ ഭിന്നസംഖ്യകളുടെ ശ്രേണി
D) 3-ന്റെ കൃതികളുടെ ശ്രേണി

77. $\frac{5}{16}$ -ന്റെ ദശാംശ രൂപം എന്ത് ?
A) .3125 B) 3.125 C) .125 D) .325

78. 6 പൈപ്പുകൾ ഉപയോഗിച്ച് ഒരു ടാങ്കിൽ വെള്ളം നിറക്കുവാൻ 1 മണിക്കൂർ 20 മിനിട്ട് വേണം. എന്നാൽ 5 പൈപ്പുകൾ ഉപയോഗിച്ചാണ് നിറക്കുന്നതെങ്കിൽ എത്ര സമയം വേണം ?
A) 90 B) 76 C) 86 D) 96

79. ഒരു ക്ലോക്കിലെ സമയം 7.30 ആണെങ്കിൽ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്ര ?
A) 25 B) 35 C) 45 D) 60

80. ഏത് നമ്പറിന്റെ 35% ആണ് 21 ?
A) 60 B) 50 C) 40 D) 30

81. Use an appropriate article.
After a long enquiry, they bought _____ewe from Chennai.
A) an B) a C) the D) No article

82. Complete the given sentence using a suitable preposition.
The proposal had significant drawbacks so she was angry ______ my decision to accept it.
A) on B) in C) by D) at

83. Which of the following is correctly spelt ?
A) Laepidary B) Lapeadary
C) Lapidary D) None of these

84. Find one word for 'A public place for walking'.
A) Promenade B) Byway C) Alley D) Maze

85. She said to him, "Stay here until your turn comes". Report the given sentence.
A) She requested him to stay there until her turn came.
B) She requested him that he should stay there until his turn came.
C) She requested him to stay there until his turn came.
D) She told him to stay there until his turn comes.

86. Which of the following words is the antonym of the word 'defiance' ?
A) Contumacy B) Submission C) Insolence D) Resistance

87. Identify the meaning of the idiomatic expression.
'To make the wind out of sails'
A) Excite B) Thrive C) Invigorate D) Dishearten

88. Identify the underlined word with correct parts of speech.
A long night of travelling left me with bloodshot eyes.
A) Adjective B) Adverb C) Noun D) Verb

89. Choose the correct question tag.
Few people seem to understand these new regulations, _____?
A) Do we B) Don't we C) Do they D) Don't they

90. Complete the given sentence using a suitable phrasal verb.
Everyone expected him to _______ within a week and start succeeding.
A) come around B) come by C) come about D) come up

91. തൻ + കൽ പദം കൂട്ടിച്ചേർത്ത് എഴുതുക.

A) തൻകൽ B) തങ്കൽ C) തങ്ങൽ D) തങ്ങൾ

92. "Femiliarity breeds contempt" എന്നതിന് സമാനമായ മലയാളം പഴഞ്ചൊല്ലേത് ?

A) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
B) കൈ നനയാതെ മീൻ പിടിക്കുക
C) മുറ്റത്തെ മുല്ലയ്ക്ക് മണമില്ല
D) പരിചയം അവജ്ഞയ്ക്ക് കാരണം

93. ശരിയായ വാക്യം തിരഞ്ഞെടുത്ത് എഴുതുക.

A) രണ്ടു കുതിരകളെ കെട്ടിയ വണ്ടിയിൽ നാലു ഭടൻ കയറി വന്നു.
B) രണ്ടു കുതിരകെട്ടിയ വണ്ടിയിൽ നാലു ഭടന്മാർ കയറി വന്നു.
C) രണ്ടു കുതിരകൾ കെട്ടിയ വണ്ടിയിൽ നാലു ഭടന്മാർ കയറി വന്നു.
D) നാലു ഭടൻ രണ്ടു കുതിരകളെ കെട്ടിയ വണ്ടിയിൽ കയറി വന്നു.

94. മാങ്ങാക്കറി എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപമേത് ?

A) മാങ്ങയുള്ള കറി
B) മാങ്ങയാൽ കറി
C) മാങ്ങയുടെ കറി
D) മാങ്ങയിൽ നിന്നുള്ള കറി

95. താഴെ തന്നിരിക്കുന്ന എതിർ ലിംഗപദങ്ങളിൽ തെറ്റായ ജോഡി ഏത് ?

A) പിട – പൂവൻ
B) പിടി – കൊമ്പൻ
C) മഹതി – മഹാൻ
D) മാനി – മാനൻ

96. ലാഭേച്ഛയോടെയുള്ള വിലപേശൽ ഈ അർത്ഥം വരുന്ന ശൈലി ഏത് ?

A) കുതിരകയറുക
B) കുതിരക്കൊമ്പ്
C) കുതിരക്കച്ചവടം
D) കുതിരക്കണ്ണട

97. കാട് എന്ന അർത്ഥം വരാത്ത പദം ഏത് ?

A) കാന്താരം B) കന്ദരം C) വിപിനം D) അടവി

98. താഴെ തന്നിരിക്കുന്ന വിപരീത പദങ്ങളിൽ തെറ്റായ ജോഡി ഏത് ?

A) പ്രയാസം × ആയാസം
B) പ്രഭാതം × പ്രദോഷം
C) അപേക്ഷ × ഉപേക്ഷ
D) നിർജീവം × സജീവം

99. താഴെ തന്നിരിക്കുന്നതിൽ ശരിയായ പദം തിരഞ്ഞെടുത്ത് എഴുതുക.

A) യാദൃശ്ചികം
B) യാദൃഛികം
C) യാദൃച്ഛികം
D) യാദൃശ്ഛികം

100. നമ്മെ എന്ന പദം പിരിച്ചെഴുതുക.

A) നം + എ
B) നമ്മ് + എ
C) ന + അമ്മെ
D) നമ് + എ

---

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:154-2024 M**
**Question Paper Medium:Malayalam**
**Category Code:722/2022**
**Name Of Post & Department:Matron Grade I - Social Justice/Women and Child Development- Main**
**Date Of Test:08-Nov-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | A | C | A | A |
| 2 | B | B | C | A |
| 3 | B | A | C | C |
| 4 | B | C | D | D |
| 5 | A | D | B | D |
| 6 | C | A | B | C |
| 7 | D | C | B | A |
| 8 | A | B | C | B |
| 9 | C | C | C | A |
| 10 | B | B | D | C |
| 11 | A | C | A | B |
| 12 | C | A | C | A |
| 13 | C | B | B | B |
| 14 | D | A | C | D |
| 15 | B | C | B | B |
| 16 | B | C | C | A |
| 17 | A | A | A | C |
| 18 | B | B | B | B |
| 19 | D | D | A | C |
| 20 | B | A | C | B |
| 21 | X | C | C | B |
| 22 | D | C | A | B |
| 23 | B | A | B | C |
| 24 | A | A | D | C |
| 25 | C | C | A | D |
| 26 | B | A | C | C |
| 27 | B | A | B | D |
| 28 | C | C | A | A |
| 29 | C | D | C | C |
| 30 | D | D | D | B |
| 31 | C | A | X | C |
| 32 | B | D | D | C |
| 33 | C | C | B | A |
| 34 | D | D | A | A |
| 35 | B | B | C | C |
| 36 | A | C | A | C |
| 37 | D | B | A | A |
| 38 | C | C | C | B |
| 39 | D | D | D | D |
| 40 | B | B | D | A |
| 41 | A | B | C | A |
| 42 | A | B | D | D |
| 43 | C | C | A | C |
| 44 | D | C | C | D |
| 45 | D | D | B | B |
| 46 | C | X | A | C |
| 47 | C | D | D | B |
| 48 | A | B | C | A |
| 49 | A | A | D | C |
| 50 | C | C | B | D |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | B | C | A |
| 52 | B | A | C | B |
| 53 | A | B | A | B |
| 54 | C | D | A | B |
| 55 | D | B | C | A |
| 56 | C | A | A | X |
| 57 | A | C | B | D |
| 58 | B | C | B | B |
| 59 | A | D | B | A |
| 60 | C | B | A | C |
| 61 | A | C | C | A |
| 62 | C | D | B | C |
| 63 | B | A | C | C |
| 64 | C | C | D | D |
| 65 | B | B | B | B |
| 66 | C | A | B | C |
| 67 | A | B | A | B |
| 68 | B | B | B | C |
| 69 | D | B | D | D |
| 70 | A | A | B | B |
| 71 | B | A | D | A |
| 72 | B | D | C | X |
| 73 | A | D | C | A |
| 74 | X | C | A | D |
| 75 | D | C | A | B |
| 76 | C | A | X | B |
| 77 | A | A | B | C |
| 78 | D | X | B | A |
| 79 | C | B | A | D |
| 80 | A | B | D | C |
| 81 | B | X | C | C |
| 82 | D | A | B | A |
| 83 | C | C | C | X |
| 84 | A | B | A | A |
| 85 | C | C | C | B |
| 86 | B | A | A | D |
| 87 | X | C | B | C |
| 88 | A | A | D | A |
| 89 | C | B | X | C |
| 90 | A | D | A | B |
| 91 | X | B | D | B |
| 92 | C | A | C | B |
| 93 | B | D | C | B |
| 94 | B | C | D | A |
| 95 | D | C | B | X |
| 96 | C | D | B | C |
| 97 | B | B | X | C |
| 98 | A | B | C | D |
| 99 | C | X | B | D |
| 100 | D | C | A | C |

'X' denotes deletion

Approved For Publication
Sd/-
Section officer